**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2072** **12-02-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ എം നൗഷാദ്</td><td colspan="2">ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മുഖ്യമന്ത്രിയുടെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;</td><td>(എ)</td><td>കൊല്ലം നഗര പാത വികസന പദ്ധതിയുടെ ഭാഗമായി വിശദമായ രൂപ രേഖയ്ക്ക് G.O.(Rt) 74/2022/PWD dated 22.01.2022 പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി നൽകി. G.O.(Rt) No. 1164/2022/RD dated 18.03.2022 പ്രകാരം പദ്ധതിക്ക് ആവശ്യമായ ഭൂമിയേറ്റെടുക്കലിനുള്ള ഭരണാനുമതി നൽകുകയുണ്ടായി.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ വിശദാംശം ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ;</td><td>(ബി)</td><td>കൊല്ലം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>നം.</th><th>റോഡിന്റെ പേര്</th><th>നീളം</th><th>ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ ഏരിയ (ഹെക്ടറിൽ)</th></tr>
<tr><td>1.</td><td>മേവറം - കാവനാട് (പഴയ എൻ.എച്ച്)</td><td>13.15 കി.മീ</td><td>5.73</td></tr>
<tr><td>2.</td><td>റയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ</td><td>6.30 കി.മീ</td><td>1.0006</td></tr>
<tr><td>3.</td><td>തിരുമുല്ലവാരം - കല്ലുപാലം - കച്ചേരി ജംഗ്ഷൻ</td><td>4.31 കി.മീ</td><td>1.605</td></tr>
<tr><td></td><td>ആകെ</td><td>23.76 കി.മീ</td><td>8.341</td></tr>
</table></td></tr>
<tr><td>(സി)</td><td>പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?</td><td>(സി)</td><td>പദ്ധതിയുടെ നടത്തിപ്പിനായി G.O.(Rt) 74/2022/PWD 22.01.2022 പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 8.341 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 435,65,03,647/- (നാനൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുനൂറ്റി നാല്പത്തി ഏഴ് രൂപ മാത്രം) ഏകദേശ കമ്പോളവിലയും, 50 ലക്ഷം രൂപ കണ്ടിൻജൻസി ചാർജിനത്തിലും കണക്കാക്കിയിരിക്കുന്നു. കണ്ടിൻജൻസി ചാർജായ അമ്പത് ലക്ഷം രൂപ അനുവദിക്കുന്നതും</td></tr>
</table>

| | | | |
|---|---|---|---|
| | | | ലാന്റ് അക്വിസിഷൻ തുകയായ 435,65,03,647/- (നാനൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകുന്നതും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ